പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2175 16.08.2017 ൽ മറുപടിയ്ക്ക്

## കളിസ്ഥലങ്ങൾ നവീകരിക്കാൻ ധനസഹായം

ചോദ്യം

ശ്രീ.പി.ടി.എ. റഹീം

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | പ്രാദേശികതലത്തിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന ക്ലബ്ബുകൾക്ക് ഗ്രൗണ്ടുകളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിന് ധനസഹായം നൽകാൻ പദ്ധതികൾ നിലവിലുണ്ടോ; | എ) | ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | സ്കൂളുകളുടെ കളിസ്ഥലങ്ങൾ നവീകരിക്കാൻ ധനസഹായം ലഭ്യമാക്കുന്നുണ്ടോ; | ബി) & സി) | നിലവിലുള്ള സ്കീമിൽ പദ്ധതി പ്രകാരം സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഫോർലൈൻ സിന്തറ്റിക് ട്രാക്കുകളും മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് നിർമ്മിച്ച് നൽകി വരുന്നുണ്ട്. കുട്ടികളുടെ സമഗ്ര ആരോഗ്യ കായിക വികസനത്തിനായി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നിലവിലുണ്ട്. |
| സി) | എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ ഈ ഇനത്തിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ